DESPATCHED
On 15/06/2020

22/02/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1312*(2)/2017*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **7395**/*എസ്.ഐ.സി-ജി 6/17*)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.അരുൺ സി.,
പനന്തടിക്കോണം,
പരശ്ശുവയ്ക്കൽ പി.ഒ.,
പറശ്ശാല, തിരുവനന്തപുരം. } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി
   വികസന സൊസൈറ്റി, തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
   സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
   ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 25.01.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 14.03.2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 23.04.2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 29.04.2017 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 25.05.2017 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 30.05.2017 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.01.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.അരുൺ സി., 25.05.2017ന്

സമർപ്പിച്ച അപ്പീൽ ഹർജി 30.05.2017ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1312(2)/17/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാന് പൂർണ്ണവും വ്യക്തവുമായ മറുപടി ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 25.01.2017ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 14.03.2017ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 23.04.2017ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 29.04.2017ന് മറുപടി നൽകിയതായും കാണുന്നു.

4. 22.06.2017ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ ടിയാന് വിവരങ്ങൾ നേരിട്ട് ലഭ്യമാകുന്നതിനായി ടി അപേക്ഷയുടെ പകർപ്പ് 04.02.2017ലെ കത്തു മുഖേന മെഡിക്കൽ കോളേജ് ആശുപത്രിയിലെ എസ്.പി.ഐ.ഒ.യ്ക്ക് അയച്ചു കൊടുക്കുകയും പ്രസ്തുത വിവരം ഹർജിക്കാരനെ അറിയിക്കുകയും ചെയ്തുവെന്നുമാണ്. തുടർന്ന് 26.04.2017ന് മെഡിക്കൽ കോളേജ് ആശുപത്രിയിലെ എസ്.പി.ഐ.ഒ. നൽകിയ വിവരങ്ങൾ തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ ടി ഓഫീസിൽ ലഭിക്കുകയും ആയതും പ്രസ്തുത ഓഫീസിലെ അപ്പീൽ അധികാരിയ്ക്ക് 08.05.2017ന് അയച്ചു നൽകുകയും ടി വിവരവും ഹർജിക്കാരനെ അറിയിച്ചിരുന്നുവെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയതായി ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഫീസ് ഒടുക്കാൻ ആവശ്യപ്പെട്ട് കത്തു നൽകിയിട്ട് രേഖകൾ ലഭ്യമാക്കിയില്ലെന്നാണ് ഹർജിക്കാരന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപമെന്നു കമ്മീഷൻ വിലയിരുത്തുന്നു. എന്നാൽ ടി വിഷയത്തിന്മേൽ നടപടി തുടർന്നുവരുന്നുവെന്നും പൂർത്തിയാകാത്തതിനാലാണ് മറുപടി നൽകാത്തതെന്നും ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ അപ്രകാരമൊരു മറുപടിയാണ് എസ്.പി.ഐ.ഒ. നൽകേണ്ടിയിരുന്നതെന്ന് കമ്മീഷൻ

ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകി. ഹർജിക്കാരന് 18.07.2017ന് ടിയാൻ ആവശ്യപ്പെട്ട ഫയലിന്റെ പകർപ്പ് സഹിതം മറുപടി നൽകിയിട്ടുണ്ടെന്ന് കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയുരുത്തി ഇന്നേദിവസം 2020 ഫെബ്രുവരി 22–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★